		രൂ.	ന.പ.
4.	വിമുക്തഭടന്മാർക്കും, അവരുടെ ആശ്രിതർക്കും, ദരിദ്രനിവാരണത്തിനായി സ്റ്റേറ്റ് മിലിറ്ററി ബനിവോളൻറ് ഫണ്ടിൽനിന്നും ചിലവാക്കിയ തുക	25969	00
5.	ഇൻഡ്യൻ റെഡ്ക്രാസ് സൊസൈറ്റിയുടെ മെഡിക്കൽ ആഫ്റർകെയർ ഫണ്ടിൽനിന്നും എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽനിന്നും മെഡിക്കൽ ഗ്രാൻറായി അനുവദിച്ചതുക.	9445	00
	ആകെ	1,72,974	33

ശ്രീ. എം. നാരായണക്കുറുപ്പ് : വിമുക്തഭടന്മാരുടെ സൈനികസേവനം അനുഷ്ഠിച്ചിരുന്ന കാലംകൂടി കേന്ദ്രഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകളിൽ പ്രമോഷൻകാര്യത്തിൽ സർവ്വീസ് ടൈർഘ്യം കണക്കാക്കുന്നതിൽ പരിഗണിക്കുന്നുണ്ട്. അതു് ഇവിടെയും പരിഗണിക്കണമെന്നു നിവേദനം സമർപ്പിക്കുകയും പലപ്രാവശ്യം പരിഗണിക്കാമെന്നു് ഈ സഭയിൽ പറയുകയും ചെയ്തിട്ടുള്ളതാണു്. അക്കാര്യം ഗവണ്മെൻറ് പരിഗണിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടൻ പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : പരിഗണിച്ചിട്ടുണ്ടു്. എന്നു് അവസാന തീരുമാനമെടുത്തുവെന്നു് ഓർമ്മയിൽനിന്നും പറയുവാനൊക്കുകയില്ല. പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : വിമുക്തഭടന്മാർ എത്ര സഹകരണസംഘങ്ങൾ രൂപീകരിച്ചു എന്നും, അതിൽ എത്ര പ്രവർത്തനത്തിലുണ്ടെന്നും പറയാമോ?

ശ്രീ. ആർ. ശങ്കർ : അതിൻെറ വിവരങ്ങൾ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : വിമുക്തഭടന്മാരും അവരുടെ ആശ്രിതന്മാരുമായ ക്ഷയരോഗികളെ ആശുപത്രിയിൽ അഡ്മിറ്റുചെയ്യുമ്പോൾ പാക്കറ്റുമണിയായി 5 രൂപാ കൊടുക്കുന്നുണ്ടു്. എന്നാൽ, ഈ ക്ഷയരോഗികൾക്കു കൊടുക്കുന്നില്ല അവർക്കുകൂടി ഇതുകൊടുക്കുവാൻ പരിശ്രമിക്കുമോ?

ശ്രീ. ആർ. ശങ്കർ : അവർക്കു വേറെ എന്തെങ്കിലും പ്രത്യേക സൗകര്യം കൊടുക്കുന്നുണ്ടോ ഇല്ലയോ എന്നു നിശ്ചയമില്ല. അതുകൊണ്ടു് ഇപ്പോൾ അതിനെപ്പറ്റി ഒന്നും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഓ. കോരൻ : വിമുക്തഭടന്മാരുടെ കാളനിക്കു് അമ്പലവയലിൽ കൊടുത്തിട്ടുള്ള ഭൂമി അവർക്കു് സ്വന്തപേരിൽ പതിച്ചുകൊടുത്തിട്ടില്ല. അതുകൊണ്ടു് അവർക്കു വാസ്സാസൗകര്യം ലഭിക്കുന്നില്ല. അവരുടെ പേരിൽ ഭൂമി പതിച്ചുകൊടുക്കണമെന്നു നിവേദനം തന്നിട്ടുള്ളതു പരിഗണിക്കുമോ?

ശ്രീ. ആർ. ശങ്കർ : പരിഗണിക്കുന്നതാണു്.

മോട്ടോർ അപകടങ്ങൾ.

* 929. [19] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ (1963 ഡിസംബർ അവസാനം വരെ) സ്റ്റേറ്റിൽ എത്ര മോട്ടോർ അപകടങ്ങൾ ഉണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ആളുകൾക്ക് പരിക്കുപറ്റി, എത്ര ആളുകൾ മരിയടഞ്ഞു;

(സി) മുറിവേറ്റവരും പരിക്കുപറ്റിയവരും ആയവർക്ക് ഗവണ്മെൻറ് എന്തു സഹായങ്ങൾ ചെയ്തു ;

(ഡി) മോട്ടോർ അപകടങ്ങൾ ഒഴിവാക്കാൻ ഗവണ്മെൻറ് എന്തെങ്കിലും പ്ലാൻ തയ്യാറാക്കുന്നുണ്ടോ ?

Mr. Speaker: Question No. 19 by Shri P. R. Francis. A similar question has already been answered.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അങ്ങയുടെ അനുവാദത്തോടുകൂടി എനിക്ക് അതിനെപ്പറ്റി ഉപചോദ്യം ചോദിക്കാനുണ്ട്. നമ്മുടെ സംസ്ഥാനത്തു് രജിസ്റ്റർചെയ്യാത്ത വാഹനങ്ങൾ ഇവിടെവന്നു് ആക്സിഡൻറ് ഉണ്ടാക്കുന്നുണ്ട്. അതിൽ ആളുകൾ മരിച്ചുകഴിഞ്ഞാൽ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിൽ ഇൻഷ്വർചെയ്തിട്ടില്ലെന്നുള്ള കാരണംകൊണ്ട് യാതൊരു സഹായവും ബന്ധുക്കൾക്കു കിട്ടുന്നില്ല. ഇതിന് എന്തെങ്കിലും നടപടി ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ ? ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇതിനു് റെസിപ്രോക്കൽ അറേഞ്ച്മെൻറുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. അതിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. ബാലചന്ദ്രമേനോൻ : വർക്കുമെൻസ് കോമ്പൻസേഷൻ ആക്ടിൻറെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ ഉണ്ടാക്കി അതിൻറെ അടിസ്ഥാനത്തിലാണോ കോമ്പൻസേഷൻ നൽകുന്നതു് ?

ശ്രീ. കെ. ടി. അച്യുതൻ : വർക്കുമെൻസ് കോമ്പൻസേഷൻ ആക്ടനുസരിച്ചു കിട്ടുന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ഒരു ഫണ്ട് ഉണ്ടാക്കി അതിലേയ്ക്കുള്ള ഒരു കമ്മിറ്റി നിശ്ചയിക്കുന്നതനുസരിച്ചാണു്.

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ സംഭവിക്കുന്ന അപകടങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഹാർഡ് കേസുകളിലെങ്കിലും എക്സ് ഗ്രേഷ്യാ പേമെൻറ് കൊടുക്കണമെന്ന ഡിപ്പാർട്ടുമെൻറിനു നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : എക്സ്ഗ്രേഷ്യാ പേമെൻറിൻറെ കാര്യത്തിൽ വളരെ ദയാദാക്ഷിണ്യം കാണിക്കുന്നുണ്ടു്.

ശ്രീ. കെ. ഹസ്സൻഗനി : തേഡ്പാർട്ടി ഇൻഷ്വറൻസില്ലാത്ത ഡിപ്പാർട്ടുമെൻറിൻറെ വണ്ടി മുട്ടിയാൽ മൂന്നും നാലും കൊല്ലത്തേയ്ക്കു കേസു് നീണ്ടുപോകുന്നതുകൊണ്ടു് ആളുകൾക്കു യാതൊരു സഹായവും ലഭിക്കുന്നില്ല. അങ്ങനെയുള്ള കേസുകളിൽ ഗവണ്മെൻറ് പ്രത്യേക വല്ല നിർദ്ദേശവും സഹായം നൽകുന്ന കാര്യത്തിൽ കൊടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : മൂന്നും നാലും കൊല്ലം കേസു തീരുന്നതിനു വേണ്ടിവരുമെന്നു പറയുന്നതു് ശരിയല്ല. ചിലപ്പോൾ കേസിൻറെ തീരുമാനത്തിനു ഒരു കൊല്ലം വേണ്ടിവന്നേയ്ക്കും. പക്ഷേ, ആദ്യംതന്നെ എക്സ്ഗ്രേഷ്യാ പേമെൻറ് കൊടുക്കും.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: 27-6-1963-ൽ കോഴിക്കോട്ടു് മലപ്പുറം റോഡിൽ മൊറയൂർ വച്ചു് 11 വയസ്സുള്ള ഒരു സ്ത്രീ കുട്ടിയുടെ മേൽ മദ്രാസിൽ രജിസ്റ്റർചെയ്തിട്ടുള്ള ഒരു ജീപ്പു കയറി ആ കുട്ടി മരണമടഞ്ഞു. ഡ്രൈവറെ 200 രൂപാ പിഴ ശിക്ഷിക്കുകയും 3 മാസത്തേക്കു ലൈസൻസു സസ്പെൻഡുചെയ്യുകയും ചെയ്തു. ഇവിടെ രജിസ്റ്റർചെയ്യാത്ത വണ്ടിയായതുകൊണ്ടു് കോമ്പൻസേഷൻ ഒന്നും കിട്ടിയിട്ടില്ല. ആ വണ്ടി ഇവിടെ സ്ഥിരമായി ഓടുന്നുമുണ്ടു്; യാതൊരു റെസിപ്രോക്കൽ അറേഞ്ച്മെൻറും ഉള്ളതായി കാണുന്നില്ല.

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ടെങ്കിൽ ഒട്ടും അമാന്തം കൂടാതെ ഗൗരവമായ നടപടികളെടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുഗതൻ: സ്റ്റേറുകാർ മുട്ടി അപകടമുണ്ടായാൽ കോമ്പൻസേഷൻ കൊടുക്കുമോ? അങ്ങനെയാണെങ്കിൽ തുശ്ശൂർവച്ച് അപകടം പറ്റിയ ഉന്തുവണ്ടിക്കാരൻ വേലായുധനു് നഷ്ടപരിഹാരം ലഭിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: ഏതുകാർ മുട്ടി അപകടം നേരിട്ടാലും കോമ്പൻസേഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥകളും ഒരുപോലെയാണു്.

ഫാസ്റ്റു പാസഞ്ചർ സർവ്വീസു് റൂട്ടുകൾ.

* 930. [20] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65 സാമ്പത്തികവർഷത്തിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ഫാസ്റ്റു പാസഞ്ചർ സർവ്വീസു് റൂട്ടുകൾ ഏതൊക്കെയാണു് ;

(ബി) ഗതാഗത സൗകര്യം വളരെ പരിമിതമായ മലബാർ പ്രദേശത്തു കൂടുതൽ സ്റ്റേറു ബസ്സുകൾ ഓടിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

(സി) കോഴിക്കോട്ട–പേരാമ്പ്ര–കുറ്റ്യാടി റൂട്ടിൽ 2 ബസ്സുകളെങ്കിലും തുടങ്ങുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുമോ :

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(സി) തൽക്കാലം സാദ്ധ്യമല്ല.

ജല വൈദ്യുത പദ്ധതികൾ.

* 931. [21] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പദ്ധതിക്കാലത്തു സ്റ്റേറിൽ പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള ജല വൈദ്യുത പദ്ധതികൾ ഏതെല്ലാം :

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികളുടെ പണികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു് ;

(സി) ഓരോന്നിന്റെയും ഇതുവരെയുള്ള പ്രവർത്തന പുരോഗതി എത്ര മാത്രം ;

(ഡി) ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ആരംഭിക്കേണ്ടതില്ല എന്നു് തീരുമാനിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ ഏതിന്റെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ പുതുതായി ആരംഭിച്ച ജല വൈദ്യുതപദ്ധതികളും ഇടുക്കിയും കുറ്റ്യാടിയുമാണു്.

(ബി) രണ്ടിന്റെയും പണികൾ ആരംഭിച്ചു കഴിഞ്ഞു.

(സി) പുതിയ അപ്രോച്ചുറോഡു്, പാലം മുതലായവ പണിയുക, ഇപ്പോഴുള്ളവ പുതുക്കുക, തടം നിർപ്പാക്കുക മുതലായ പ്രാരംഭ പ്രവൃത്തികൾ നടത്തിവരുന്നു. കോളനിക്കും കാർട്ടേഴ്സിനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചു കൺട്രാക്ടുകൾ കൊടുത്തു വരുന്നു. കൂടാതെ കുറ്റ്യാടി പദ്ധതിയുടെ ഡാമിന്റെ പണിക്കും ടെൻഡർ വിളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly